**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2975 22/02/2016 -ൽ മറുപടിയ്ക്ക്

# ഹൈടെക്ക് കൃഷി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വർക്കല കഹാർ**<br>**,, അൻവർ സാദത്ത്**<br>**,, പി.എ.മാധവൻ**<br>**,, വി.പി.സജീന്ദ്രൻ** | **ശ്രീ . കെ.പി.മോഹനൻ**<br>**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) സംസ്ഥാനത്ത് ഹൈടെക്ക് കൃഷി രീതി വ്യാപിപ്പിക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | ബി) ഹൈടെക് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ പറയുന്നതാണ്.<br>1. സംരക്ഷിത കൃഷി ഉപയോഗിച്ച് ഗുണനിലവാരമുള്ള കാർഷിക ഉത്പ്പന്നങ്ങളുടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുക.<br>2. ഉന്നത ഗുണനിലവാരമുള്ള കാർഷിക ഉത്പന്നങ്ങൾ ന്യായവിലയ്ക്ക് ഉപഭോക്താവിന് ലഭ്യമാക്കുക.<br>3. ഗുണനിലവാരമുള്ള പച്ചക്കറികൾ ലഭ്യമാക്കുന്നതിലൂടെ ഭക്ഷ്യ, പോഷക, ആരോഗ്യ സുരക്ഷ ഉറപ്പ് വരുത്തുന്നു.<br>4. കയറ്റുമതി ലക്ഷ്യമിട്ട് കട്ട്ഫ്ളവർ, ലൂസ് ഫ്ളവർ എന്നിവയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക.<br>5. കർഷകന്റെ സാമ്പത്തിക നിലവാരവും ജീവിത നിലവാരവും മെച്ചപ്പെടുത്തുക.<br>കുറഞ്ഞ അദ്ധ്വാനം ഉപയോഗിച്ച് കൃഷി സാധ്യമാക്കുക. |
| സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | സി) • സംസ്ഥാന / ജില്ലാതല ടെക്നിക്കൽ കമ്മിറ്റികൾ രൂപീകരിച്ചു.<br>• നിർമ്മാണ ഏജൻസികളുടെ വിവരങ്ങൾ കർഷകർക്ക് ലഭ്യമാക്കി. |

- ആർക്ക് ജിസ് സോഫ്റ്റ്‌വെയർ മുഖേന പോളീഹൗസ് മോണിറ്ററിംഗ് സാധ്യമാക്കി.
- കർഷകകൂട്ടായ്മകൾ രൂപീകരിച്ചു.

കൂടാതെ ഹൈടെക്ക് കൃഷി പദ്ധതി പ്രകാരം 400 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള പോളിഹൗസ് നിർമ്മിക്കുന്നതിന് ചതുരശ്ര മീറ്ററിന് 935 രൂപ എന്ന നിരക്കിൽ ചെലവാകുന്ന 3.74 ലക്ഷം രൂപയുടെ 75% തുകയായ 2,80,500/- രൂപ കർഷകർക്ക് ധനസഹായമായി നൽകുന്നു.

സെക്ഷൻ ഓഫീസർ